(iii) ടി പദ്ധതിയുടെ രൂപീകരണത്തിനും നിർവഹണത്തിനും മോണിറ്ററിംഗിനുമുള്ള നേതൃത്വം നൽകുന്നതിനും പദ്ധതിയുടെ നിർവഹണം ആരംഭിക്കുന്നതിനുള്ള അനുവാദത്തിനായി സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനുമുള്ള നോഡൽ ഏജൻസിയായി കേരള വിമൻസ് കമ്മിഷൻ പ്രവർത്തിക്കുന്നതാണ്.

എ. ഡി. ബി. വായ്പ വാങ്ങുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രത്തിലെ വ്യവസ്ഥകൾ

97 [3794] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:*
,, *എൻ. രാജൻ:*
,, *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് എ. ഡി. ബി. യുടെ ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി;

(ബി) എത്ര കോടി രൂപയുടെ ധനസഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം ആവശ്യങ്ങൾക്കാണ് കോർപ്പറേഷനുകൾ പ്രസ്തുത വായ്പ വിനിയോഗിക്കുന്നത്;

(ഡി) പ്രസ്തുത വായ്പയിൽ സംസ്ഥാന വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം സംഖ്യയാണ് എന്നു വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത വായ്പയിൽ ഗ്രാന്റ് എത്രയെന്ന് പറയാമോ;

(എഫ്) എത്ര ശതമാനം പലിശയാണ് പ്രസ്തുത വായ്പയ്ക്ക് നിശ്ചയിച്ചിട്ടുള്ളതെന്നും തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ജി) വായ്പ വാങ്ങുന്നതുമായി ബന്ധപ്പെട്ട് എ. ഡി. ബി. യുമായി കോർപ്പറേഷനുകളോ സംസ്ഥാന ഗവൺമെന്റോ ഏതെങ്കിലും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ പ്രസ്തുത ധാരണാപത്രത്തിലെ വ്യവസ്ഥകൾ വിശദമാക്കാമോ; ഇതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഐ) സംസ്ഥാന താൽപര്യങ്ങൾക്കും, കോർപ്പറേഷനുകളുടെ സ്വയംഭരണാവകാശങ്ങൾക്കും എതിരാണ് എ. ഡി. ബി. വ്യവസ്ഥകൾ എന്ന് കണക്കിലെടുത്ത് പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്നുള്ള ആവശ്യം ഏതെങ്കിലും കോർപ്പറേഷനുകൾ ഉന്നയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

GPM. 2/256/2012—18

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് എ. ഡി. ബി. ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടന്റിന്റെ അന്തിമ റിപ്പോർട്ടിന് രൂപം നൽകി വരികയാണ്.

(ബി) തീരുമാനമായിട്ടില്ല.

(സി) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലൂന്നിയുള്ള സാമ്പത്തിക സാമൂഹിക ഉന്നമനം, പരിസ്ഥിതി സംതുലനം, നഗരങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം, മുനിസിപ്പൽ ഭരണസംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ശുദ്ധജലവിതരണം, നഗരഗതാഗത സംവിധാനം മെച്ചപ്പെടുത്തൽ, ഖരമാലിന്യ നിർമ്മാർജ്ജനം, ശുചീകരണം, പദ്ധതി പ്രദേശങ്ങളിലെ അഴുക്കു ചാലുകളും ഉറവകളും വൃത്തിയാക്കലിലൂടെ പരിസ്ഥിതി പരിപാലനം തുടങ്ങിയവ യ്ക്കാണ് കരട് റിപ്പോർട്ടിൽ ഊന്നൽ നൽകിയിട്ടുള്ളത്.

(ഡി) & (ഇ) അന്തിമ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഈ കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടില്ല.

(എഫ്) തീരുമാനമെടുത്തിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) ഇല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറികളിൽ നിന്നും തുക പിൻവലിക്കുവാൻ ബിൽ സമ്പ്രദായം

98 [3795] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറികളിൽ നിന്നും തുക പിൻവലിക്കുവാൻ ബിൽ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ബിൽ സമ്പ്രദായം നടപ്പിലാക്കിയിട്ടും ട്രഷറികൾ തുക നൽകാതെ ബില്ലുകൾ തടഞ്ഞുവയ്ക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കാമോ;

(ഡി) സാമ്പത്തിക വർഷം അവസാനിക്കാറായ ഈ ഘട്ടത്തിൽ പദ്ധതി തുക വിനിയോഗം തടസ്സം കൂടാതെ നിർവ്വഹിക്കുവാൻ കാലതാമസം കൂടാതെ ബില്ലുകൾ മാറിക്കിട്ടാൻ ധനകാര്യവകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly